ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് മെഡിക്കൽ ടൂറിസത്തിന്റെ ഭാഗമായി കേരളത്തിന്റെ പാരമ്പര്യ ആയുർവേദ ചികിത്സാരീതി പ്രോത്സാഹിപ്പിക്കുന്നതിനായി ആയുർവേദ സെന്ററുകൾ ടൂറിസം വകുപ്പിന്റെ ക്ലാസിഫിക്കേഷനോടെ ടൂറിസം കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

(ബി & സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ഇക്കോ ടൂറിസം വികസനത്തിന്റെ ഭാഗമായുള്ള പുതിയ പദ്ധതികൾ

86 (1556) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇക്കോ ടൂറിസം വികസനത്തിന്റെ ഭാഗമായി പുതുതായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ബി) ആദ്യ ഇക്കോ ടൂറിസം കേന്ദ്രമായ തെന്മലയിൽ എന്തൊക്കെ വികസന പദ്ധതികളാണ് നടപ്പിലാക്കിയത് എന്ന് വിശദമാക്കുമോ ;

(സി) ടൂറിസം വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കുന്ന മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയിൻകീഴിൽ എന്തൊക്കെ പ്രവൃത്തികളാണ് ഇതുവരെ നടപ്പിലാക്കിയത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ടൂറിസം മേഖലയിൽ ഇതുവരെ ഈ പദ്ധതിയിലൂടെ എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചു എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഇക്കോ ടൂറിസം വികസനത്തിന്റെ ഭാഗമായി പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കോട്ടൻചേരിമല ഇക്കോ ടൂറിസം (കാസർഗോഡ്)
2. തൈക്കടപ്പുറം ഇക്കോ ടൂറിസം (കാസർഗോഡ്)
3. ശശിപ്പാറ ഇക്കോ ടൂറിസം, കന്മദം പാറ ഇക്കോ ടൂറിസം (കണ്ണൂർ)
4. നരിക്കോട് മല ഇക്കോ ടൂറിസം (കണ്ണൂർ)
5. കൊളാവിപാലം ഇക്കോ ടൂറിസം (കോഴിക്കോട്)
6. പാക്കം ഇക്കോ ടൂറിസം (വയനാട്)
7. ചുള്ളിയാർ ഡാം, പോത്തുണ്ടി ഡാം, മീൻകര ഡാം (പാലക്കാട്)
8. തേക്കടി (ഇടുക്കി)

LIBRARY ARCHIVES Kerala Legislative Assembly

(ബി)

1. തെന്മല ഇക്കോ ടൂറിസത്തിന്റെ ഭാഗമായി 27 നക്ഷത്രങ്ങളുമായി ബന്ധപ്പെട്ടുള്ള വൃക്ഷങ്ങൾ നട്ടുവളർത്തി ഒരു നക്ഷത്രവനം ഉണ്ടാക്കുകയും അത് വിനോദസഞ്ചാരികൾക്കായി തുറന്നുകൊടുക്കുകയും ചെയ്തു.

2. ചിത്രശലഭങ്ങളുടെ ജീവിത ചംക്രമണത്തെക്കുറിച്ച് കൂടുതൽ അറിയുന്നതിനും പലതരത്തിലുള്ള ശലഭങ്ങളെ കണ്ട് ആസ്വദിക്കാനും വേണ്ടി ഒരു ചിത്രശലഭ സഫാരി പാർക്ക് ഒരുക്കി സഞ്ചാരികൾക്കായി തുറന്ന് കൊടുത്തു.

3. തെന്മലയിൽ എത്തിച്ചേരുന്ന സഞ്ചാരികൾക്ക് താമസസൗകര്യം വികസിപ്പിക്കുന്നതിന്റെ ആദ്യപടിയായി 'ജംഗിൾ കാമ്പിങ്' കോട്ടേജുകൾ ഓഫീസ് കോംപ്ലക്സിനോട് ചേർന്ന് കാട്ടിൽ പുതുതായി ഒരുക്കിയിട്ടുണ്ട്. കൂടാതെ സാഹസിക വിനോദസഞ്ചാരികൾക്കായി ടെന്റഡ് ക്യാംപിങ്ങും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിനായി ഡോർമെറ്ററി സൗകര്യവും സജ്ജമാക്കിയിട്ടുണ്ട്.

4. ടൂറിസ്റ്റുകൾക്കാവശ്യമായ ഭക്ഷണം കഴിക്കുന്നതിനായി ഇക്കോ ടൂറിസം കോംപ്ലക്സിലുള്ള റെസ്റ്റോറന്റ് സ്വകാര്യ പങ്കാളിത്തത്തോടെ തുറന്ന് പ്രവർത്തനമാരംഭിച്ചു.

5. വന്യജീവി സാങ്കേതത്തിലേക്കുള്ള ട്രക്കിങ് പാക്കേജുകൾ വനവികസന ഏജൻസിയുമായി സഹകരിച്ചു കൊണ്ട് ആരംഭിച്ചു.

6. ഷോർട്ട് റേഞ്ച്, ട്രസ്റ്റ്ഫാൾ, ട്രാംമ്പോളിൻ, പെഡൽബോട്ടിംഗ്, കൊറാക്കിൾ റൈഡ്, സ്പൈഡർ നെറ്റ്, ബർമ്മ ബ്രിഡ്ജ്, ഫ്ളൈയിംഗ് ഫോക്സ്, ആർച്ചറി മുതലായ സാഹസിക വിനോദങ്ങൾ തെന്മല ഇക്കോ ടൂറിസത്തിന്റെ ഭാഗമായി അഡ്വഞ്ചർ സോണിൽ തുടങ്ങി.

7. തെന്മല ഇക്കോ ടൂറിസത്തിന് പ്രചാരം നൽകുന്നതിനായി ഒരു ഇൻട്രാക്ടീവ് സി.ഡി.-യും ഹ്രസ്വചിത്രവും നിർമ്മിച്ച് പ്രചാരണത്തിനായി ഉപയോഗിച്ചുവരുന്നു.

8. മാൻപുനരധിവാസത്തിൽ എത്തുന്ന കുട്ടികൾക്കുവേണ്ടി ഒരു ചിൽഡ്രൻസ് പാർക്കും വിനോദസഞ്ചാരികൾക്കായി വിശ്രമസ്ഥലങ്ങളും പുതുതായി സജ്ജമാക്കിയിട്ടുണ്ട്.

9. തെന്മല ഇക്കോ ടൂറിസത്തിന്റെ ഇൻഫർമേഷൻ സെന്റർ നവീകരിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(സി) മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയുടെ ഭാഗമായി പാലിയംപാലസ് പാലിയം നാലുകെട്ട്, പറവൂർ സിനഗോഗ്, കോട്ടപ്പുറം ചന്ത, കോട്ടപ്പുറം കോട്ട, മ്യൂസിയം സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ അന്തിമഘട്ട ത്തിലാണ്.

(ഡി) തൃശ്ശൂർ, എറണാകുളം ജില്ലകളിൽ നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന നിരവധി ചരിത്രസ്മാരകങ്ങൾ ഇന്നുണ്ട്. ഇവയെ ശാസ്ത്രീയമായി സംരക്ഷിച്ച് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തി ടൂറിസ്റ്റുകളെ ആകർഷിക്കുക

LIBRARY ARCHIVES Kerala Legislative Assembly

എന്നതാണ് മുസിരിസ് പൈതൃകപദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് ഈ മേഖലയിലെ പ്രധാന ചരിത്രസ്മാരകങ്ങൾ നവീകരിക്കുന്ന പ്രവൃത്തി ആരംഭിച്ചുകഴിഞ്ഞു. കൂടാതെ പദ്ധതി പ്രദേശത്തെ റോഡുകളുടെ വികസനവും നടന്നുവരുന്നു. പദ്ധതിയുടെ ആശയം കേന്ദ്ര സർക്കാർ അംഗീകരിക്കുകയും പദ്ധതി നടപ്പാക്കുന്നതിന് 40 കോടിരൂപയുടെ കേന്ദ്രസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. യുനസ്കോയുടെ പ്രതിനിധി സംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും ചെയ്തു. യൂറോപ്യൻ രാജ്യങ്ങളിൽനിന്നുള്ള സഞ്ചാരികളും വന്നു തുടങ്ങിയിട്ടുണ്ട്.

'ഇക്കോ ഫാം ടൂറിസം'

87 (1557) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഇക്കോ ഫാം ടൂറിസം' എന്ന ടൂറിസം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത വിഷയത്തെ സംബന്ധിച്ച് സമഗ്രമായ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) നിലവിൽ സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശത്ത് പ്രസ്തുത ടൂറിസം പദ്ധതി പ്രവർത്തിക്കുന്നുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ഡി) 'ഇക്കോ ഫാം ടൂറിസം' പദ്ധതി സംസ്ഥാനത്താകെ നടപ്പിലാക്കുന്നതിന് അടിയന്തരമായി ആക്ഷൻ പ്ലാൻ തയ്യാറാക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ സംസ്ഥാനത്തെ കൃഷിയിടങ്ങളിലേക്കും അനുബന്ധ സ്ഥലങ്ങളിലേക്കും ടൂറിസ്റ്റുകളെ ആകർഷിക്കുകയും അതുവഴി കാർഷിക രംഗത്തും ടൂറിസം രംഗത്തും നേട്ടങ്ങൾ കൈവരിക്കുക എന്ന ഉദ്ദേശത്തോടെയും 'ഫാം ടൂറിസം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഫാം ടൂറിസത്തെക്കുറിച്ച് ഏതെങ്കിലും ഏജൻസികളെ ഉപയോഗിച്ച് ടൂറിസം വകുപ്പ് പഠനം നടത്തിയിട്ടില്ല. വകുപ്പ് സ്വന്തം നിലയിൽ രൂപം കൊടുത്ത പദ്ധതിയാണ് 'ഫാം ടൂറിസം'.

(സി) സംസ്ഥാനത്ത് നെല്ലിയാമ്പതിയിൽ ഫാം ടൂറിസം പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇവിടെ പോബ്സ് ഗ്രൂപ്പിന്റെ ഫാമിനാണ് അംഗീകാരം നൽകിയത്.

(ഡി) 'ഫാം ടൂറിസം' പദ്ധതി ഇപ്പോൾ തന്നെ സംസ്ഥാന വ്യാപകമായിട്ടാണ് നടപ്പിലാക്കിവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly